പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

# മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1499 — 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എളമരം കരീം**<br>**,, സി.കെ സദാശിവൻ**<br>**,, കെ.കെ.നാരായണൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം രാജ്യത്തെ 2500 തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുന്നതിനും, അതിനായി ഇന്റൻസീവ് പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് എക്സർസൈസ് പരിശീലനം (ഐ.പി.പി.ഇ) നടത്താനുമുള്ള കേന്ദ്രസർക്കാർ തീരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 2014 ജൂലൈ 21 ന് ജി-31011/4/2013-എം.ജി.എൻ.ആർ. ഇ.ജി. എസ്. V സർക്കുലർ പ്രകാരം 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറ പ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച്, കേന്ദ്ര ആസൂത്രണ കമ്മീഷൻ തിട്ടപ്പെടുത്തിയിട്ടുള്ള രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകൾക്ക് കൂടുതൽ ഊന്നൽ നൽകിയാവണം ലേബർ ബഡ്ജറ്റ് തയ്യാറാക്കേണ്ടതെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു. (കേന്ദ്രസർക്കാർ, സംസ്ഥാനത്തെ 22 ബ്ലോക്കുകളെമാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ (Intensive Participatoy Planning Exercise-IPPE) യാവണം ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബ്ലോക്കുകളിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കേണ്ടതെന്നും പ്രസ്തുത സർക്കുലർ വ്യക്തമാക്കുന്നുണ്ട്. ഊർജ്ജിത പങ്കാളിത്ത പ്രക്രിയയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകളിലും യാഥാർത്ഥ്യ ബോധത്തോടെയുള്ള തൊഴിൽ ആവശ്യം തിട്ടപ്പെടുത്തുക.<br>2. ദുർബലവിഭാഗങ്ങൾക്ക് പ്രയോജനകര |

| | | | |
|---|---|---|---|
| | | | മാകുന്ന വിധത്തിൽ അവരുടെ ഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുകയും അവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്നതിനുള്ള ആസ്തികൾ സൃഷ്ടിക്കൽ<br>3. ഉൽപാദനപരവും, കാർഷിക മേഖലക്ക് ഊന്നൽ നൽകുന്നതും പാവപ്പെട്ടവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്നതിനുമുള്ള വിഭവ അടിത്തറ സൃഷ്ടിക്കുക.<br>4. സമൂഹത്തിന് ഒട്ടാകെ പ്രയോജനകരമാവുന്നതും, നേരിട്ടും അനുബന്ധമായും ഗുണഫലങ്ങൾ ലഭിക്കുന്ന പൊതുആസ്തികൾ സൃഷ്ടിക്കുന്നതിനുതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കുക.<br>5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലും, പ്രവർത്തന മാർഗ്ഗ നിർദ്ദേശത്തിലും പ്രതിപാദിച്ചിരിക്കുന്ന വിധത്തിൽ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിൽ ആവശ്യവും പ്രവൃത്തികളും കണ്ടെത്തി ലേബർ ബഡ്ജറ്റ് തയ്യാറാക്കുക. |
| (ബി) | സംസ്ഥാനത്ത് ഐ.പി.പി.ഇ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിത്തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ; ഇതിനായി സംസ്ഥാനം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽപ്പെടുന്ന ബ്ലോക്കുകൾ എത്ര; നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള എത്ര ബ്ലോക്കുകളിലെ എത്ര പേർ പുതിയ ഐ.പി.പി.ഇ പദ്ധതിയിൽ നിന്നും പുറത്താകും; വിശദവിവരം ലഭ്യമാക്കുമോ ; | (ബി) | കേന്ദ്ര പ്ലാനിംഗ്കമ്മീഷൻപിന്നോക്കാവസ്ഥ കണക്കാക്കുന്നതിനുള്ള സൂചികകൾ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള 2500 പിന്നോക്കബ്ലോക്കുകളിൽ സംസ്ഥാനത്തെ 22 ബ്ലോക്കുകളെ മാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിരുന്നത്. ഈ ബ്ലോക്കുകളിൽ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും വാർഷിക കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുമാണ് സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ ആരംഭിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി, സംസ്ഥാന/ ജില്ലാ/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തു തലത്തിലുള്ള പരിശീലന പരിപാടികളും ഫീൽഡുതല മാപ്പിംഗും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. വിവരശേഖരണത്തിനായുള്ള ഭവനസന്ദർശനവും സർവ്വേ പ്രവർത്തനങ്ങളും പുരോഗതിയിലാണ്. ശേഷിച്ച 102 ബ്ലോക്കുകളിൽ, സംസ്ഥാന സർക്കാർ 2008 ൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ അയൽകൂട്ടതലം മുതൽ ജില്ലാപഞ്ചായത്ത് തലം വരെ ചർച്ചചെയ്ത് തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ തുടരുന്നതാണ്. |
| (സി) | ഈ പദ്ധതി ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പാക്കുക;വിശദവിവരം ലഭ്യമാക്കുമോ ; | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | മറ്റ് ബ്ലോക്കുകളിൽ തൊഴിലുറപ്പ് നിയമമനുസരിച്ചുള്ള പദ്ധതി നടത്തിപ്പിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ? | (ഡി) | ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (IPPE) യുടെ പരിധിയിൽ വരാത്ത 102 ബ്ലോക്കുകളിൽ, സംസ്ഥാന സർക്കാർ 2008 ഒക്ടോബർ മാസത്തിൽ പുറപ്പെടു വിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽകൂട്ടതലം മുതൽ ജില്ലാ പഞ്ചായത്ത് തലം വരെ ചർച്ച ചെയ്ത് ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 2014 ഡിസംബർ 31 നകം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ